(ഡി) പഞ്ചായത്തിന്റെ എല്ലാ ഭാഗത്തേക്കും പ്രയോജനപ്പെടുന്നതിനുള്ള ഒരു പദ്ധതിയുടെ സാങ്കേതിക സാദ്ധ്യതയെപ്പറ്റി ആരാഞ്ഞതിനു ശേഷം പണത്തിന്റെ ലഭ്യതയനുസരിച്ച് ചെയ്യാവുന്നതാണ്.

(ഇ) കൂടുതൽ ശക്തിയുള്ള പമ്പുസെറ്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

മുഖ്യസേവികമാരുടെ സ്ഥലംമാറ്റം

902 [1658] **ശ്രീ. പി. കരുണാകരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ എ.എൻ.പി. നിലവിലുള്ള ബ്ലോക്കുകളിൽ ഇപ്പോൾ ജോലി നോക്കിവരുന്ന മുഖ്യസേവികമാരുടെ പേരുവിവരം അടങ്ങുന്ന ലിസ്റ്റ് മേശപ്പുറത്ത് വെക്കുമോ;

(ബി) പ്രസ്തുത മുഖ്യസേവികമാരിൽ ഓരോരുത്തരുടേയും മലബാർ ഭാഗത്തെ സേവനകാലം എത്ര എന്ന് വ്യക്തമാക്കാമോ;

(സി) ഈ മുഖ്യസേവികമാരിൽ കോട്ടയം ജില്ലയിൽത്തന്നെ 3 വർഷത്തിൽ കൂടുതലായി ഒരേ ബ്ലോക്കിൽ ജോലിയിൽ തുടരുന്നവരും, മലബാർ ഭാഗത്ത് ജോലി നോക്കാത്തവരുമായവരുടെ പേരുവിവരം വ്യക്തമാക്കാമോ;

(ഡി) 10-6-1981 ലെ മുഖ്യസേവികമാരുടെ സ്ഥലംമാറ്റ ഉത്തരവനുസരിച്ച് [ജി.ഒ. (ആർ.റ്റി.) 804/81/ഡി.ഡി.] മലബാർ ഭാഗത്ത് 4 വർഷത്തിൽ കൂടുതൽ സേവനമനുഷ്ഠിച്ചിട്ട് സ്വന്തം ജില്ലയായ കോട്ടയത്ത് സ്ഥലം മാറിവന്ന് 3 വർഷം തികയുന്നതിനു മുൻപ് വീണ്ടും ആ ജില്ലയിൽനിന്ന് സ്ഥലംമാറ്റപ്പെട്ട ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവർക്ക് സ്വന്തം ജില്ലയിലേക്ക് മാറ്റം കൊടുക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) മേശപ്പുറത്ത് വെച്ചിരിക്കുന്നു. †

(ബി) മേശപ്പുറത്തു വെച്ചിരിക്കുന്ന ലിസ്റ്റിൽ പ്രസ്തുത മുഖ്യസേവികമാരുടെ മലബാർ ഭാഗത്തെ സേവനകാലം വ്യക്തമാക്കിയിട്ടുണ്ട്.

(സി) അങ്ങനെയുള്ളവർ ആരുംതന്നെ ഇല്ല.

(ഡി) ഉണ്ട്.

(ഇ) സ്ഥലംമാറ്റം നൽകുന്നതിന് മലബാർ ഭാഗത്തെ സേവനം മാത്രമല്ല മാനദണ്ഡമായിട്ടുള്ളത്. മുഖ്യസേവികമാർക്ക് കഴിവതും സ്വന്തം ജില്ലയിലെ ബ്ലോക്കുകളിൽത്തന്നെ നിയമനം കൊടുക്കുവാൻ സ്ഥലംമാറ്റ ഉത്തരവിടുമ്പോൾ ശ്രദ്ധിക്കാറുണ്ട്.

---

†അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 902 (1658) കാണുക]

കോട്ടയം ജില്ലയിലെ ബ്ലോക്കുകളിൽ സേവനമനുഷ്ഠിച്ചുവരുന്ന മുഖ്യസേവികമാരുടെ പേരുവിവരവും, അവരിൽ ഓരോരുത്തരുടേയും മലബാർ സർവീസിന്റെ വിവരവും ഉൾക്കൊള്ളുന്ന ലിസ്റ്റ്

ക്രമ നമ്പർ	ബ്ലോക്കിന്റെ പേര്	മുഖ്യസേവികയുടെ പേര്	മലബാർ സർവീസ്
(1)	(2)	(3)	(4)
1.	മടപ്പള്ളി	എം. കെ. ഏലിയാമ്മ	1 വർഷം
2.	ഈരാറ്റുപേട്ട	കെ. റ്റി. അച്ചാമ്മ	1 വർഷം 2 മാസം
3.	വൈക്കം	ഒ. സി. അന്നമ്മ	3 വർഷം 9 മാസം
4.	വാഴൂർ	ആലീസ് പോൾ	1 വർഷം 5 മാസം
5.	പാലാ	വി. ഇ. കുഞ്ഞുമറിയാമ്മ	4 വർഷം 6 മാസം
6.	കാഞ്ഞിരപ്പള്ളി	റ്റി. സി. മറിയം	6 വർഷം 9 മാസം
7.	ഏറ്റുമാനൂർ	മേരി ചെറിയാൻ	ഇല്ല
8.	കടുത്തുരുത്തി	കെ. എം. ഏലിയാമ്മ	4 വർഷം 3 മാസം

LIBRARY ARCHIVES Kerala Legislative Assembly